

## “പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക” യാക്കോബ് 1:27

## ഒക്ടോബർ 2014: വിചിന്തനം - യാക്കോബ് 1:27-2 :10,14-17

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതത്തിലെ മനോഹരമായ ഒരു സംഭവം നമുക്ക് ധ്യാനിക്കാം. ഒരു ദിവസം പുണ്യാളൻ കുതിരപ്പുറത്ത് സഞ്ചരിക്കവേ വഴിമധ്യേ ഒരു കുഷ്ഠരോഗിയെ കണ്ടു. ഭയവും അറപ്പും ആയിരുന്നു വിശുദ്ധന്റെ ആദ്യ പ്രതികരണം. ഒരുനിമിഷം നിശ്ചലനായി നിന്ന് ക്രിസ്തുവിന്റെ സ്നേഹത്തോടുള്ള തന്റെ പ്രതിജ്ഞാബദ്ധതയെക്കുറിച്ച് ചിന്തിച്ച വിശുദ്ധൻ ഒരു കാര്യം തിരിച്ചറിഞ്ഞു. തന്റെ സഹോദരനിൽ നിന്ന് തന്നെ അകറ്റിയ വെറുപ്പും ഭയവും മറികടക്കണം. അദ്ദേഹം കുതിരപ്പുറത്തു നിന്നു താഴെയിറങ്ങി, അയാളുടെ അടുത്തേക്ക് നീങ്ങി. കുഷ്ഠരോഗിക്ക് ഒരു നാണയവും ഒപ്പം ചുംബനവും നൽകി.

ഇന്ന് ലോകരാഷ്ട്രങ്ങളെ പരസ്പരം താരതമ്യപ്പെടുത്തുമ്പോൾ, അവിടങ്ങളിലെ ജീവിതാവസ്ഥകളിലും അവസരങ്ങളിലും വലിയ അന്തരം നമ്മുടെ ശ്രദ്ധയിൽപെടും. ഇത്തരം അന്തരം നമ്മുടെ പട്ടണങ്ങളിലും കണ്ടെത്താനാവും. ദരിദ്രരും ഭവനരഹിതരുമായവർ വിദ്യാസമ്പന്നരും ധനികരും വസിക്കുന്ന പട്ടണഭാഗങ്ങളിൽ നിന്ന് ഏതെങ്കിലും വിധത്തിൽ നാം ചേരിയെന്നു വിളിക്കുന്ന പ്രദേശങ്ങളിലേക്ക് നീക്കം ചെയ്യപ്പെടുന്നു. മിക്ക ഇടങ്ങളിലും തെരുവിലുറങ്ങുന്നവരെ അയൽവാസികളോ പോലീസോ ആട്ടിപ്പായിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന നഗരങ്ങളിൽ നിന്ന് കുടിയിറങ്ങുവാൻ ദരിദ്രകുടുംബങ്ങൾ നിർബന്ധിതരാകുന്നു. എന്തിനെന്നോ, അവരുടെ സാന്നിധ്യം സമ്പന്നരുടെ കടന്നുവരവ് നിരുത്സാഹപ്പെടുത്താതിരിക്കാൻ. ചിലയിടങ്ങളിൽ യാചക നിരോധന നിയമം മൂലം പാവപ്പെട്ടവർക്ക് ജീവിക്കാനാവില്ല. ചുരുക്കത്തിൽ ഒരു സമൂഹമെന്ന നിലയിൽ നാം സമ്പന്നർക്ക് മുൻതൂക്കം നൽകുന്നു, പാവപ്പെട്ടവനെ ഒഴിവാക്കുന്നു, അവഗണിക്കുന്നു. അവനോട് “അവിടെ നിൽക്ക്” എന്നു പറയുന്നു, സമ്പന്നനോടോ, “ദയവായി ഇവിടെ ഇരിക്കൂ” (യാക്കോബ് 2:3) എന്നും. നമുക്കു “സ്വീകാര്യരല്ലാത്തവരും” “താണ

നിലവാരമുള്ളവരും" ആയവർ നമ്മുടെ സമൂഹത്തിലുണ്ട്. അവർക്കും നമുക്കുമിടയിൽ മതിലുകൾ പണിതുയർത്തി നാം നമ്മുടെ ജീവിതം കൂടുതൽ സൗകര്യപ്രദവും ഭാരം കുറഞ്ഞതുമാക്കുന്നു. മിക്കയിടങ്ങളിലും ജീവിക്കാൻ വകയുള്ളവന് അത്തരക്കാരെ കാണേണ്ടിവരുന്നുപോലുമില്ല. അവരോട് ഇടപെടുകയോ ആർദ്രത കാട്ടുകയോ ചെയ്യുന്ന കാര്യം ഉദിക്കുന്നില്ല. ചില ഇടങ്ങളിലാവട്ടെ, അവരെ കടന്നുപോകുമ്പോൾ അവർ അദൃശ്യരാണെന്ന പോലെ നാം പ്രവർത്തിക്കുന്നു. പലയിടത്തും പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ശുദ്ധവായു, വിദ്യാഭ്യാസം, എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. പൂന്തോട്ടം, ജലധാര തുടങ്ങിയ മനോഹര ദൃശ്യങ്ങൾ ആസ്വദിക്കാനുള്ള അവസരങ്ങൾ മാത്രമല്ല, അനുകരണാർഹമായ മാതൃകാപുരുഷന്മാരും ഉപദേഷ്ടാക്കളും പരിശീലകർ പോലും നിഷേധിക്കപ്പെടുന്നു. നമ്മുടെ സാമൂഹിക ഔന്നത്യത്തിന്റെ കുതിരപ്പുറത്തേറി നമ്മുടെതായ ദൗത്യങ്ങളും അഭിലാഷങ്ങളുമായി പായുമ്പോൾ ഈ കുഷ്ഠരോഗികളെ കാണാതിരിക്കാൻ എത്രയെളുപ്പമാണ്.

അദൃശ്യരായ ഈ സഹോദരീസഹോദരൻമാർ നാം ജീവിക്കുകയും പണിയെടുക്കുകയും ചെയ്യുന്ന ഇടങ്ങളിൽതന്നെയുണ്ട്. നമ്മുടെ ദിനചര്യകളിൽ നിന്ന് അൽപം സമയം മാറി നിന്ന് ചിന്തിക്കുകയാണ് ആദ്യം ചെയ്യാവുന്നത്. എനിക്കു കാണാനാവാത്തവ എവിടെയാണ്? ആരാണ് എനിക്കു ചുറ്റുമുള്ള ദരിദ്രർ? അവരെ അകറ്റി നിർത്താൻ ഞാൻ എന്തു മതിലുകളാണ് പണിതുയർത്തിയിരിക്കുന്നത്? ക്രിസ്തുവിന്റെ സ്നേഹം എന്തു ചെയ്യാനാണ് എന്നെ നിർബന്ധിക്കുന്നത്? ശക്തമായ ഒരാഹ്വാനത്തോടെ വിശുദ്ധ യാക്കോബ് ഈ ചോദ്യങ്ങൾക്ക് നമുക്കു വേണ്ടുന്ന മറുപടി തരുന്നു, "*പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടേയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക*"...

വേർതിരിക്കലിന്റെ ഏറ്റവും സൗകര്യപൂർണമായ ഈ മതിലുകൾ നാം ഭേദിക്കണം. നാം അവരെ സന്ദർശിക്കണം. അവരുടെ ഞെരുക്കങ്ങളിൽ അവരെ സന്ദർശിക്കണം. വിശ്വാസം പ്രവൃത്തിയാക്കപ്പെടണം. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ചരിത്രത്തിൽ നാം കാണുന്നത് അതാണ്. ഒന്നു നിന്നിട്ട്, ക്രിസ്തുവിന്റെ യഥാർത്ഥ ശുശ്രൂഷകനാകാനുള്ള തന്റെ തീരുമാനത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ, അദ്ദേഹത്തിന്റെ വിശ്വാസം, പ്രവർത്തിക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അദ്ദേഹം കുതിരപ്പുറത്തു നിന്നിറങ്ങി. ദുരിതമനുഭവിക്കുന്ന കുഷ്ഠരോഗിയെ സന്ദർശിച്ചു. ഒരു നാൾ നമ്മുടെ വഴിയിൽ ദുരിതമനുഭവിക്കുന്ന ഒരാൾ വരുമെന്നു കരുതി വെറുതെ നാം കാത്തിരുന്നാൽ മതിയാവില്ല. നേരെ മറിച്ച്, നമുക്ക് ചുറ്റുമുള്ള ദരിദ്രരെ തേടിപ്പോകണം; അവരുടെ ഞെരുക്കങ്ങളുടെ മധ്യേ അവരെ സന്ദർശിക്കണം.

കുതിരപ്പുറത്തുനിന്നിറങ്ങിയ ഫ്രാൻസിസ്, കുഷ്ഠരോഗിക്ക് ഒരു നാണയം മാത്രമല്ല, ഒരു ചുംബനവും നൽകി. വിശുദ്ധ ഫ്രാൻസിസിൽ നിന്ന് പ്രചോദനവും പേരും സ്വീകരിച്ച നമ്മുടെ മാർപാപ്പയുടെ വാക്കുകൾ ഇതാ : " നിങ്ങൾ ഭിക്ഷ കൊടുക്കുമ്പോൾ, അതു സ്വീകരിക്കുന്നയാളുടെ കണ്ണുകളിലേക്ക് നിങ്ങൾ നോക്കാറുണ്ടോ? നിങ്ങൾ ഭിക്ഷകൊടുക്കുമ്പോൾ അതു സ്വീകരിക്കുന്നയാളുടെ കൈയിൽ സ്പർശിക്കാറുണ്ടോ? അതോ നാണയം എറിഞ്ഞു കൊടുക്കുകയാണോ ചെയ്യുക?" പാവപ്പെട്ടവന്റെ പക്ഷം ചേരുകയെന്നത് ഭക്ഷണവും പണവും വിതരണം ചെയ്യുക മാത്രമല്ല; നമ്മുടെ കാര്യക്ഷമതയല്ല മുഖ്യമായത്. പിന്നെയോ, ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരന്റെ ചാരത്തണയാനും അയാളെ സ്നേഹിക്കാനും ആ സ്നേഹത്തിൽ അയാളുടെ അവശ്യങ്ങൾ നിറവേറ്റാനും ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിതരാക്കണം.

ഇനി ക്രിസ്തുവിന്റെ മാതൃക നമ്മുടെ മുമ്പിൽ സജീവമായി പ്രതിഷ്ഠിക്കാം. പാപത്തിന്റെ ദുരിതത്തിലകപ്പെട്ട നമ്മെ കണ്ടപ്പോൾ, അവൻ സ്വർഗ്ഗത്തിൽ നിന്ന് നമുക്കായി ഒരു നാണയം ഇട്ടുതരികയല്ല ചെയ്തത്. പിന്നെയോ അവൻ നമ്മുടെ ഈ ലോകം സന്ദർശിച്ചു. നമ്മുടെ ഞെരുക്കങ്ങളിൽ നമ്മെ കാണാനായി വന്നു. നമ്മെപ്പോലെയുള്ള ഒരു മനുഷ്യനാകാൻവേണ്ടി ദൈവമഹത്വത്തിന്റെ ഉന്നതങ്ങളിൽ നിന്ന് താഴേക്ക് ഇറങ്ങി. നാം അവന്റെയടുത്ത് വരുവാൻ വേണ്ടി അവൻ കാത്തിരുന്നില്ല. നാം പാപികളായിരിക്കെത്തന്നെ അവൻ നമ്മുടെയടുത്തേക്കു വന്നു. നമ്മെ വേർതിരിച്ചിരുന്ന പാപത്തിന്റെ മതിലുകൾ അവൻ ഭേദിച്ചു. അവന്റെ പരസ്യശുശ്രൂഷയിൽ അവൻ നമുക്കു പ്രബോധനങ്ങളും സൗഖ്യവും അത്ഭുതങ്ങളും നല്കി. നമുക്ക് അനുകരിക്കേണ്ടതിന് ഒരു പരിപൂർണ്ണ മാതൃകയും നൽകി നമ്മെ വിട്ടുപോയി. എന്നാൽ അവന്റെ സന്ദർശനത്തിന്റെ പരിസമാപ്തി കുരിശുചുംബനത്തിലായിരുന്നു. കാരണം "സ്നേഹിതർക്ക് വേണ്ടി സ്വജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല." കുരിശിലൂടെ ക്രിസ്തു നമ്മുടെ സകല ഞെരുക്കങ്ങളോടും കൂടി നമ്മെ ആശ്ലേഷിച്ചിരിക്കുന്നു. തീർച്ചയായും "നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദു:ഖങ്ങളാണ് അവൻ ചുമന്നത്" (ഏശയ്യ 53.4) മാത്രമല്ല, അതേ ആശ്ലേഷത്താൽ അവന് സ്വന്തമായ ദൈവിക ജീവനിൽ പങ്കുചേരാൻ അവൻ നമ്മെയും ഉയർത്തിയിരിക്കുന്നു.

നമുക്ക് അവന്റെ കൃപയിൽ ആശ്രയിക്കാം, പാവപ്പെട്ടവന്റെ ഞെരുക്കങ്ങളുടെയും സഹനങ്ങളുടെയും സമീപത്തേക്ക് കടന്നു ചെല്ലാം. നമ്മുടെ കരങ്ങൾ കൊണ്ട് അവരെ സ്പർശിക്കാം. നമ്മുടെ ഹൃദയങ്ങളിൽ അവരെ ആശ്ലേഷിക്കാം.


Prepared by the Jesus Youth International Formation Team. Illustration: Ashish Rozario